## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

07.02.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2383

### നിക്ഷേപ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗത്തിലും അനായാസമായും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിൽ വന്നിട്ടുണ്ട്.<br><br>14 വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത |

അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഇ.ഡി ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്പ്മെന്റ്പ്രോഗ്രാം
- വ്യവസായികൾക്കുള്ള ഇൻഷുറൻസ് പദ്ധതി
- വ്യവസായ സ്ഥാപനങ്ങളും ഗവേഷണ/സർവ്വകലാശാലകളും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി
- സംരംഭകത്വ സഹായ പദ്ധതി

മേൽ പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സിയുടേയും, കെ.എസ്.ഐ.ഡി.സിയുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക്/ ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ,സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജിത വ്യവസായ വൽക്കരണ പദ്ധതി തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് /മുനിസിപ്പാലിറ്റി/ ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ വ്യവസായ സംരംഭകരുടെ അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി എല്ലാ ജില്ലകളിലും വ്യവസായ വകുപ്പ് മന്ത്രി പങ്കെടുത്ത് അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അദാലത്ത് നടന്നു കഴിഞ്ഞു. |
| ബി) | ഇതിനായി നിക്ഷേപ സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ വ്യവസായ മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിലേയ്ക്കും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരേയും, നവസംരംഭകരേയും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളേയും, ഏജൻസികളേയും കൂട്ടിച്ചേർത്തുകൊണ്ട് ജില്ലാ തലങ്ങളിലും, താലൂക്ക് തലങ്ങളിലും നിക്ഷേപ സംഗമങ്ങൾ നടത്താറുണ്ട്. |
| (സി) | പദ്ധതികൾക്ക് വേഗത്തിൽ ക്ലിയറൻസ് നൽകുന്നതിനായി വിവിധ വകുപ്പുകളും ഏജൻസികളുമായി കെ.സ്വിഫ്റ്റ് ബന്ധിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | വ്യവസായ സംരംഭകർക്ക് വേഗത്തിൽ ക്ലിയറൻസ് നൽകുന്നതിനായി വിവിധ വകുപ്പുകളും ഏജൻസികളുമായി ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിൻറെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11.02.2019 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ